**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലവിലുള്ള സിനിമാ തീയറ്ററുകൾക്ക് ലൈസൻസ് പുതുക്കുന്നത് സംബന്ധിച്ച് - സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1674/2019/തസ്വഭവ തിരുവനന്തപുരം,തീയതി:3.8.2019

പരാമർശം: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഫിലിം എക്സിബിറ്റേഴ്സ് യുണൈറ്റഡ് ഓർഗനൈസേഷൻ ഓഫ് കേരള-യുമായി 01.07.2019 തീയതിയിൽ നടന്ന യോഗതീരുമാനം

**<u>ഉത്തരവ്</u>**

നിലവിലുള്ള സിനിമ തീയേറ്ററുകൾക്ക് ഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകുന്നില്ല എന്നും നിലവിലുള്ള തീയേറ്ററുകളുടെ സാഹചര്യം, ഘടന എന്നിവ നോക്കി ലൈസൻസ് പുതുക്കി നൽകണമെന്നും ഓരോ വർഷവും ലൈസൻസ് പുതുക്കുമ്പോൾ ഫയർ എൻ.ഒ.സി. നിർബന്ധമാക്കരുതെന്നും പുതിയ തീയേറ്ററുകൾക്ക് ലൈസൻസ് സംബന്ധിച്ച് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാമെന്നും പരാമർശപ്രകാരം നടന്ന യോഗത്തിൽ സിനിമാ സംഘടനാ ഭാരവാഹികൾ ഉറപ്പ് നൽകി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള തീയേറ്ററുകൾക്ക് ലൈസൻസ് പുതുക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നതിന് ചീഫ് ടൗൺ പ്ലാനർ, ഫയർ & റസ്ക്യൂ സർവ്വീസിലെ ടെക്നിക്കൽ ഡയറക്ടർ, നഗരകാര്യ വകുപ്പിലെ ജോയിന്റ് ഡയറക്ടർ

എന്നിവരെ ഉൾപ്പെടുത്തി ഒരു സാങ്കേതിക സമിതി രൂപീകരിക്കുന്നതിന് പരാമർശപ്രകാരം തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം രൂപീകരിക്കുന്ന സമിതി അടിയന്തിരമായി യോഗം ചേരേണ്ടതും ആവശ്യമായ സ്ഥലപരിശോധനകൾ നടത്തി, രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മദീന ബീഗം എ**
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ, ഫയർ & റസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ടെക്നിക്കൽ ഡയറക്ടർ, ഫയർ & റസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം (ഡയറക്ടർ ജനറൽ, ഫയർ & റസ്ക്യൂ മുഖേന)
നഗരകാര്യ ജോയിന്റ് ഡയറക്ടർ (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രസിഡന്റ് /ജനറൽ സെക്രട്ടറി, ഫിലിം എക്സിബിറ്റേഴ്സ് യുണൈറ്റഡ് ഓർഗനൈസേഷൻ ഓഫ് കേരള
പ്രസിഡന്റ്/ജനറൽ സെക്രട്ടറി, ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ
പ്രസിഡന്റ് /ജനറൽ സെക്രട്ടറി, കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ